## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1716 — 16-06-2014-ൽ മറുപടിക്ക്

### 2011-ലെ മദ്യനയം

**ചോദ്യം:**
ശ്രീ. ഇ. പി. ജയരാജൻ:

**ഉത്തരം:**
ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) 2011-ലെ മദ്യനയത്തിൽ പുതിയ വിദേശമദ്യശാലകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കൈക്കൊണ്ടിട്ടുള്ള നിലപാടുകൾ വിശദീകരിക്കുമോ;

(എ) പുതിയ ബാറുകൾ അനുവദിക്കുമ്പോൾ അവ തമ്മിലുള്ള അകലം പഞ്ചായത്തുകളിൽ 3 കിലോമീറ്ററും, മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളിൽ 1 കിലോമീറ്ററും, വേണമെന്ന പുതിയ നിബന്ധന കൊണ്ടുവന്നു. 01/04/2012 മുതൽ 4 സ്റ്റാറും അതിനു മുകളിൽ പദവിയുള്ള ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് അനുവദിക്കാൻ തീരുമാനിച്ചു. 2013-14 വർഷം മുതൽ മിനിമം 25 മുറികളുള്ള 5 സ്റ്റാർ പദവിയുള്ള ഹോട്ടലുകൾക്ക് മാത്രമേ ലൈസൻസ് അനുവദിക്കുകയുള്ളുവെന്ന് തീരുമാനിച്ചു. കൂടാതെ പുതിയതായി എഫ്.എൽ.1 ഷോപ്പുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചു.

(ബി) അമിത മദ്യാസക്തിയും മദ്യവ്യാപനവും തടയാൻ ലക്ഷ്യമിട്ടുകൊണ്ട് 2011-ലെ മദ്യനയത്തിൽ ഉൾപ്പെടുത്തിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുകയുണ്ടായി;

(ബി)-യും, (സി)-യും

1. പുതിയ ബാറുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനിച്ചു.
2. ഒരാൾക്ക് ഒരേ സമയം കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് (എല്ലാ ഇനവും കൂടി) 27.1 ലിറ്ററിൽ നിന്ന് 15 ലിറ്ററായി കുറച്ചു.
3. ബാർ ഹോട്ടലുകളുടെ പ്രവർത്തി സമയം 3 മണിക്കൂർ കുറച്ചു.
4. മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി 18 വയസ്സിൽ നിന്നും 21 വയസ്സായി ഉയർത്തി.
5. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യപാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിംഗ് പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കി.
6. മദ്യവിരുദ്ധ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ തുക വകകൊള്ളിക്കാൻ തീരുമാനിച്ചു.

(ഡി) ഇതിന്റെ പ്രചരണത്തിനും ബോധന പരിപാടികൾക്കുമായി ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ചെലവഴിച്ചു?

(ഡി) 2011-12-ൽ 1,19,27,247 രൂപയും, 2012-13-ൽ 57,41,877/- രൂപയും, 2013-14-ൽ 73,38,852/- രൂപയും ചെലവഴിച്ചു.

സെക്ഷൻ ആഫീസർ